കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി

125 (575) ശ്രീ. കെ. കെ. ഷാജു :
ശ്രീ. കെ. ബി. ഗണേഷ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കുടിവെള്ള പദ്ധതികൾ പത്തും പതിനഞ്ചും വർഷമായി മുടങ്ങിക്കിടക്കുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഏജൻസികളുടെ സഹായ വാഗ്ദാനം നഷ്ടപ്പെട്ടതുമൂലമുള്ള സാഹചര്യം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഉദ്യോഗസ്ഥ തലത്തിൽ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) ഒരു പദ്ധതിക്ക് അനുമതി നൽകിയാൽ ഏറ്റവും ചുരുങ്ങിയ സമയംകൊണ്ട് അത് പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് എൽ.ഐ.സി. സഹായത്തോടെ ഏറ്റെടുത്തിരുന്ന ശുദ്ധജലവിതരണ പദ്ധതികള പണത്തിന്റെ കുറവുമൂലം വർഷങ്ങളായി മുടങ്ങിക്കിടന്നിരുന്നകര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതികൾ പൂർത്തിയാക്കുന്നതിന് നബാർഡ് സഹായത്തിന് ശ്രമിക്കുകയും പ്രസ്തുത വിഭാഗത്തിലുള്ള 37 പദ്ധതികൾ പുനരാവിഷ്ക്കരിച്ച് 20 പദ്ധതികളാക്കി. എ.ആർ.പി./പി.എം.ജി.വൈ. വിഭാഗത്തിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത് പൂർത്തിയാക്കാൻ കഴിയാതിരുന്ന ഏതാനും പദ്ധതികളും മറ്റുചില പുതിയ പദ്ധതികളും ഉൾപ്പെടെ ഇത്തരത്തിൽ 36 പദ്ധതികൾ നബാർഡ് സഹായത്തോടെ സ്പാനിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. ഇവയിൽ 5 പദ്ധതികൾ ഈ സാമ്പത്തികവർഷം കമ്മീഷൻ ചെയ്തു. 13 പദ്ധതികൾ കൂടി ഈ സാമ്പത്തികവർഷം കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) ഉദ്യോഗസ്ഥർക്ക് ബന്ധപ്പെട്ട വിഷയങ്ങളിൽ ട്രെയിനിംഗ് പദ്ധതികൾ വേഗം നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നതിലേക്കായി ഉദ്യോഗതലത്തിലുള്ള കൂടിക്കാഴ്ചകൾ പദ്ധതികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിലേക്കായി നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗം, പ്രത്യേക നിർവ്വഹണ സംവിധാനം, സ്പാൻ പദ്ധതികളുടെ ടെണ്ടർ സമർപ്പിക്കുന്നതിന് ഇ.ടെണ്ടർ സംവിധാനം, പ്രത്യേക ടെക്നിക്കൽ കമ്മിറ്റികൾ, ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എംപവേർഡ് കമ്മിറ്റി എന്നിവയുടെ രൂപീകരണം തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പദ്ധതികൾക്ക് ആവശ്യമായ സ്ഥലം കാലവിളംബം കൂടാതെ ലഭ്യമാക്കുന്നതിന് സ്ഥലം എം.എൽ.എ.-യുടെ സഹകരണത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെടുന്നു. ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തിയാക്കി പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുവാദം ലഭിക്കുന്നതിന് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് വകുപ്പ്തല ഏകോപനത്തിനായി കമ്മിറ്റികൾ രൂപീകരിക്കുന്നു. പദ്ധതിയുടെ പുരോഗതി സമയാസമയം വിലയിരുത്തി വീഴ്ചകൾ പരിഹരിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിന് വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തുകയുമാണ് കേരള വാട്ടർ അതോറിറ്റി സ്വീരിക്കുന്ന നടപടികൾ.

ജലനിധി പദ്ധതി പൂർത്തീകരിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള ക്രമീകരണങ്ങൾ താഴെപ്പറയും പ്രകാരമാണ് :

24 മാസത്തെ കാലയളവിൽ പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. വ്യക്തമായ പദ്ധതി ആസൂത്രണ കലണ്ടറും ചട്ടങ്ങളും, സമയബന്ധിതമായ വിലയിരുത്തലുകൾ, ഉദ്യോഗസ്ഥതലത്തിലും പഞ്ചായത്ത് തലത്തിലും ഗുണഭോക്തൃതലത്തിലുമുള്ള കൂട്ടായ പ്രവർത്തനങ്ങൾ നടത്തുന്നു. ലോകബാങ്കിന്റെ 6 മാസം കൂടുമ്പോഴുള്ള വിശദമായ പരിശോധനകളും നടപടികൾ വിലയിരുത്തലുകളും നടത്തുന്നു.

ജപ്പാൻ കുടിവെള്ള പദ്ധതിയിലെ റദ്ദ് ചെയ്ത കരാറുകൾ

126 (576) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയിലെ കരാറുകാർ നിശ്ചിത സമയത്തിനകം പണി പൂർത്തിയാക്കാത്തതുമൂലം ഇതുവരെ എത്ര കരാറുകൾ റദ്ദ് ചെയ്തിട്ടുണ്ട് എന്നറിയിക്കുമോ ;

(ബി) ഇത്തരം കരാറുകാർ നഷ്ടപരിഹാരം ലഭിക്കുന്നതിനായി സമർപ്പിച്ച കേസ്സുകളിൽ എത്ര കേസ്സുകൾ തീർപ്പായിട്ടുണ്ട് ;

(സി) സംസ്ഥാന സർക്കാർ ഈ ഇനത്തിൽ ഇതുവരെ എന്തുതുക നഷ്ടപരിഹാരമായി നൽകേണ്ടിവന്നു എന്നറിയിക്കുമോ ;

(ഡി) ഇനിയും ഇത്തരത്തിൽ എത്ര കേസ്സുകൾ തീർപ്പാക്കാനുണ്ട് എന്നറിയിക്കുമോ ?

ഉത്തരം

(എ) ഇതുവരെ രണ്ട് കരാറുകൾ റദ്ദാക്കിയിട്ടുണ്ട്.

(ബി) കേസ്സുകളിൽ ഇതുവരെ തീർപ്പായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly